**ഫുഡ്സേഫ്റ്റി കമ്മീഷണറുടെ കാര്യാലയം**

തൈക്കാട്.പി.ഒ, തിരുവനന്തപുരം.695014

Ph: 0471-2322833, 2322844. Fax: 0471-2322855

Email:foodsafetykerala@gmail.com

Website: www.foodsafety.kerala.gov.in


## പത്രക്കുറിപ്പ്

മാമ്പഴക്കാലം ആരംഭിച്ചതോടെ അന്യസംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേക്ക് വൻതോതിൽ കൊണ്ടുവരുന്ന മാമ്പഴങ്ങൾ രാസപദാർത്ഥങ്ങൾ ഉപയോഗിച്ച് കൃത്രിമമായി പഴുപ്പിച്ചതാണെന്നുള്ള വ്യാപകമായ പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ വിപണികളിൽ ലഭ്യമായ മാമ്പഴങ്ങളുടെ സാമ്പിളുകൾ രാസപരിശോധനയ്ക്ക് അയയ്ക്കുവാനുള്ള നിർദ്ദേശം എല്ലാ ജില്ലാ അസിസ്റ്റന്റ് ഫുഡ്സേഫ്റ്റി കമ്മീഷണർമാർക്കും നൽകിയിട്ടുണ്ട്.

പൊതുജനങ്ങൾ ഇത്തരം അന്യസംസ്ഥാന മാമ്പഴങ്ങൾ നല്ലവണ്ണം കഴുകി തൊലി മാറ്റിയ ശേഷം മാത്രമേ ഭക്ഷ്യയോഗ്യമാക്കാൻ പാടുള്ളു. മാമ്പഴം കഴിക്കുമ്പോൾ എന്തെങ്കിലും രുചി വ്യത്യാസം അനുഭവപ്പെട്ടാൽ ഉടൻ തന്നെ അതാത് ജില്ലാ അസിസ്റ്റന്റ് ഫുഡ്സേഫ്റ്റി കമ്മീഷണർമാരെയോ ഭക്ഷ്യ സുരക്ഷാ കമ്മീഷണറേറ്റിലെ ടോൾഫ്രീ നമ്പരിലോ ( 1800 425 1125) വിളിച്ച് വിവരം അറിയിക്കാൻ അഭ്യർത്ഥിക്കുന്നു.

മാമ്പഴക്കാലം ആരംഭിച്ചിരിക്കുന്ന ഈ അവസരത്തിൽ വാണിജ്യതാൽപര്യം മുൻനിർത്തി പാകമെത്താത്ത മാങ്ങകൾ കൃത്രിമമാർഗ്ഗങ്ങളിലുടെ പഴുപ്പിച്ച് സംസ്ഥാനത്തെ വിപണികളിൽ കൂടി വിൽപ്പന നടത്തുന്നതിനെതിരെ പൊതുജനങ്ങളും വ്യാപാരികളും ജാഗരൂകരായിരിക്കണമെന്ന് സംസ്ഥാന ഭക്ഷ്യസുരക്ഷാ കമ്മീഷണർ അറിയിക്കുന്നു.

**കെ.അനിൽകുമാർ**

**09.04.2014** **ഭക്ഷ്യ സുരക്ഷാ കമ്മീഷണർ(i/c)**